روضة الخطباء
റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്
sufaraulislam.com

# നബി (സ്വ) യുടെ മേൽ സ്വലാത്ത് ചൊല്ലൽ

12/10/2022

بسم الله الرحمن الرحيم

- നബി (സ്വ) യുടെ പേരു കേൾക്കുമ്പോൾ സ്വലാത്തു ചൊല്ലുക എന്നത് പുണ്യമുള്ള കാര്യമാണ്.
- ചെറിയ അദ്ധ്വാനത്തിലൂടെ വലിയ പ്രതിഫലം നേടിയെടുക്കാനുള്ള അവസരമാണിത്.

✓ قال الراغب: الصلاة في اللغة: الدعاء والتبريك والتحميد.. والصلاة التي هي العبادة المخصوصة: أصلها الدعاء، وسميت هذه العبادة بها كتسمية الشيء باسم بعض ما تضمَّنه.

✓ وقال ابن القيم: أصل لفظ «الصلاة» في اللغة يرجع إلى معنيين: أحدهما: الدعاء والتبريك، والثاني: العبادة

- صلوة (സ്വലാത്ത്) എന്ന വാക്കിന് 'അനുഗ്രഹം, ആശീർവ്വാദം, പ്രാർത്ഥന' എന്നൊക്കെ അർത്ഥം വരും
- തെളിവുകൾ

خُذْ مِنْ أَمْوَالِهِمْ صَدَقَةً تُطَهِّرُهُمْ وَتُزَكِّيهِمْ بِهَا وَصَلِّ عَلَيْهِمْ إِنَّ صَلَاتَكَ سَكَنٌ لَهُمْ [التوبة: ١٠٣].

عن أبي هريرة قال: قال رسول الله ﷺ :إذا دُعي أحدكم فليجب، فإن كان صائماً فليصلِّ، وإن كان مفطراً فليَطعم (مسلم)

1. എപ്പോഴെല്ലാം സ്വലാത്ത് ചൊല്ലണം.?
2. സ്വലാത്തിന്റെ മഹത്വങ്ങൾ എന്തെല്ലാം?
3. സ്വലാത്തിന്റെ രൂപവും അർത്ഥവും എന്ത്?

- ഇതെല്ലാം വിശ്വാസികൾ കൃത്യമായി പഠിക്കേണ്ടതുണ്ട്.

## അല്ലാഹു നബി (സ്വ) പേരിൽ സ്വലാത്തു ചൊല്ലാൻ കൽപ്പിക്കുന്നു.

إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيماً [الأحزاب: ٥٦]

### എന്താണ് അല്ലാഹുവിന്റെയും മലക്കുകളുടെയും സ്വലാത്ത്?

- അല്ലാഹു നബിയുടെ (സ്വ) മേൽ സ്വലാത്ത് ചൊല്ലുന്നു എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹു മലക്കുകളോട് നബിയെ (സ്വ) പ്രശംസിച്ചുകൊണ്ടിരിക്കുന്നു എന്നാണ്.
- മലക്കുകൾ നബിയുടെ (സ്വ) മേൽ സ്വലാത്ത് ചൊല്ലുന്നു എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അവർ നബിക്ക് (സ്വ) വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നുവെന്നാണ്.

- ഇമാം ബുഖാരി (റ) തന്റെ സ്വഹീഹിൽ അബുൽ ആലിയയിൽ നിന്നും അപ്രകാരമാണ് ഈ ആയത്തിന്റെ വ്യാഖ്യാനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

وقال ابن عباس: «يصلون: يُبَرِّكون» (أي يدعون له بالبركة) البخاري - كتاب التفسير - باب ١٠)

അല്ലാഹു മലക്കുകളുടെ അടുക്കൽ വെച്ച് നബിയെ (സ്വ) പ്രശംസിച്ചുകൊണ്ടിരിക്കുന്നുവെന്നും ആ പ്രശംസകൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടി മലക്കുകൾ പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നുവെന്നും സത്യ വിശ്വാസികളും അപ്രകാരം പ്രാർത്ഥിക്കണമെന്നുമാണ് ചുരുക്കം.

- **സ്വലാത്തു ചൊല്ലുവാൻ ഹദീസുകളിലുള്ള കൽപ്പനകൾ**

عَنْ أَبِي هُرَيْرَةَ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم : لاَ تَجْعَلُوا بُيُوتَكُمْ قُبُورًا وَلاَ تَجْعَلُوا قَبْرِي عِيدًا وَصَلُّوا عَلَىَّ فَإِنَّ صَلاَتَكُمْ تَبْلُغُنِي حَيْثُ كُنْتُمْ (أبوداوود)

- മറ്റൊരു ഹദീസ്

عَنْ عَبْدِ اللَّهِ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه و سلم : إِنَّ لِلَّهِ مَلاَئِكَةً سَيَّاحِينَ فِي الأَرْضِ يُبَلِّغُونِي مِنْ أُمَّتِي السَّلاَمَ (النسائي)

അല്ലാഹുവിന് ഭൂമിയിൽ ചുറ്റി സഞ്ചരിക്കുന്ന ഒരു കൂട്ടം മലക്കുകളുണ്ട്. എന്റെ സമുദായത്തിൽ നിന്നുള്ള സലാം (സ്വലാത്ത്) അവർ എനിക്ക് എത്തിക്കുന്നതാണ്.(നസാഇ)

عَنْ أَبِي هُرَيْرَةَ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ : مَا مِنْ أَحَدٍ يُسَلِّمُ عَلَىَّ إِلاَّ رَدَّ اللَّهُ عَلَىَّ رُوحِي حَتَّى أَرُدَّ عَلَيْهِ السَّلاَمَ

വല്ലവനും എന്റെ മേൽ സലാം ചൊല്ലിയാൽ അത് മടക്കുന്നതുവരെ അല്ലാഹു എന്റെ റൂഹിനെ എന്റെ മേൽ ഇടുന്നതാണ്. (അബൂദാവൂദ്)

- സ്വലാത്തിന്റെ രൂപം

عن كعب بن عُجرة قال: «خرج علينا النبي - صلى الله عليه وسلم، فقلنا: يا رسول الله، قد علمنا كيف نُسلِّم عليك، فكيف نصلي عليك؟ قال: قولوا: اَللهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا صَلَّيْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ ، اَللهُمَّ بَارِكْ عَلَى مُحَمَّدٍ وَعَلَى آلِ مُحَمّدٍ كَمَا بَارَكْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ

- സ്വലാത്തു ചൊല്ലാതിരിക്കുന്നവരോട്

1. പിശുക്കൻ...

حَدَّثَنِي عُمَارَةُ بْنُ غَزِيَّةَ الْأَنْصَارِيُّ، قَالَ: سَمِعْتُ عَبْدَ اللهِ بْنَ عَلِيِّ بْنِ الْحُسَيْنِ يُحَدِّثُ، عَنْ أَبِيهِ، عَنْ

جَدِّهِ قَالَ: قَالَ رَسُولُ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: " إِنَّ الْبَخِيلَ مَنْ ذُكِرْتُ عِنْدَهُ فَلَمْ يُصَلِّ عَلَيَّ (إبن حبان)

2. സ്വർഗത്തിലേക്കുളള വഴി മറന്നവൻ

عَنْ جَابِرِ بْنِ زَيْدٍ ، عَنِ ابْنِ عَبَّاسٍ ، قَالَ : قَالَ رَسُولُ اللهِ صَلَّى الله عَلَيْهِ وسَلَّمَ : مَنْ نَسِيَ الصَّلاَةَ عَلَيَّ ، خَطِئَ طَرِيقَ الْجَنَّةِ. (إبن ماجة)

3. സ്വലാത്തു ചൊല്ലാത്തവൻ നശിക്കട്ടെ.

عَنْ أَبِي هُرَيْرَةَ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم : رَغِمَ أَنْفُ رَجُلٍ ذُكِرْتُ عِنْدَهُ فَلَمْ يُصَلِّ عَلَيَّ ( ترمذي)

## ❖ സ്വലാത്ത് ചൊല്ലൽ പ്രത്യേകം സുന്നത്തായ സന്ദർഭങ്ങൾ

1. **നബിയുടെ പേര് കേൾക്കുമ്പോൾ**

- നബിയുടെ(സ്വ) പേര് കേൾക്കുമ്പോൾ സ്വലാത്ത് ചൊല്ലൽ സുന്നത്താണ്.
- صَلَّى الله عَلَيْهِ وَسَلَّمَ എന്ന് ചുരുങ്ങിയ രീതിയിലെങ്കിലും നബിയുടെ (സ്വ) പേര് കേൾക്കുമ്പോൾ പറയേണ്ടതാണ്.
- അബൂഹുറൈറയിൽ (റ) നിന്ന് നിവേദനം : പ്രവാചകൻ (സ്വ) പറഞ്ഞു: എന്റെ പേർ പറയപ്പെട്ടിട്ട് എന്റെ മേൽ സ്വലാത്ത് ചൊല്ലാത്തവന്റെ മൂക്ക് മണ്ണോട് ചേരട്ടെ (നിന്ദ്യനാവട്ടെ). (തിർമുദി)

2. **പള്ളിയിൽ പ്രവേശിക്കുമ്പോൾ**

بِسْمِ اللهِ ، وَالصَّلاةُ وَالسَّلاَمُ عَلَى رَسُولِ اللهِ اَللهُمَّ افْتَحْ لِي أَبْوَابَ رَحْمَتِكَ (إبن ماجة)

3. **പള്ളിയിൽ നിന്ന് പുറത്തിറങ്ങുമ്പോൾ**

بِسْمِ اللهِ وَالصَّلاةُ وَالسَّلاَمُ عَلَى رَسُولِ اللهِ اَللّهُمَّ إِنِّي أَسْأَلُكَ مِنْ فَضْلِ (إبن ماجة)

4. **നമസ്കാരത്തിൽ തശഹ്ഹുദിൽ (അത്തഹിയാത്തിൽ)**

- നബി (സ്വ) നമസ്കാരത്തിൽ തശഹ്ഹുദിൽ (അത്തഹിയാത്തിൽ) ഇപ്രകാരം സ്വലാത്ത് (ഇബ്രാഹീമിയ സ്വലാത്ത് ) ചൊല്ലിയിരുന്നു. (ബുഖാരി)
- സുബ്ഹി നമസ്കാരത്തിൽ തശഹ്ഹുദിലും മറ്റ് ഫർള് നമസ്കാരങ്ങളിൽ രണ്ടാമത്തെ
- തശഹ്ഹുദിലും സ്വലാത്ത് നിർബന്ധമായും ചൊല്ലേണ്ടതാണ്. ഒന്നാമത്തെ തശഹ്ഹുദിലും സ്വലാത്ത് ചൊല്ലാവുന്നതാണ്.

5. **മയ്യിത്ത് നമസ്കാരത്തിൽ രണ്ടാം തക്ബീറിന് ശേഷം**

- നബി(സ്വ) മയ്യിത്ത് നമസ്കാരത്തിൽ രണ്ടാം തക്ബീറിന് ശേഷം ഇബ്രാഹീമിയ സ്വലാത്ത് ചൊല്ലിയിരുന്നു. (ബുഖാരി, മുസ്ലിം)

### 6. എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും

عن أبي الدرداء أن رسول الله - صلى الله عليه وسلم - قال: «من صلى عليَّ حين يصبح عشرًا وحين يُمسي عشرًا أدركته شفاعتي يوم القيامة». [حديث حسن: صحيح الجامع للألباني حديث ٦٣٥٧]

നബി (സ) അരുളി : ആരെങ്കിലും എന്റെ മേൽ രാവിലെ പത്തും വൈകുന്നേരം പത്തും ഇപ്രകാരം സ്വലാത്ത് ചൊല്ലിയാൽ അവർക്ക് എന്റെ ശഫാഅത്ത് (പരലോക ശുപാർശ) ഖിയാമത്താളിൽ ലഭിക്കപ്പെടും. ( സ്വഹീഹ് ജാമിഉ)

### 7. വെള്ളിയാഴ്ച ദിവസം

عَن أَنسٍ – رَضِيَ الله عَنهُ – قَالَ : قَالَ رَسُولُ الله ﷺ : " أَكثِرُوا الصَّلَاة عَلَيَّ يَومَ الجُمُعَةِ وَلَيلَةَ الجُمُعَةِ ، فَمَن صَلَّى عَلَيَّ صَلَاةً صَلَّى الله عَلَيه عَشْرًا.

അനസ് (റ) വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു : വെള്ളിയാഴ്ച രാവിലും, പകലിലുമായി നിങ്ങൾ എന്റെ മേൽ സ്വലാത്ത് അധികരിപ്പിക്കുവീൻ. ആര് എന്റെ മേൽ ഒരു സ്വലാത്ത് ചൊല്ലുന്നുവോ അല്ലാഹു അവന്റെ മേൽ പത്ത് സ്വലാത്ത് ചൊല്ലുന്നതാണ്. (ബൈഹഖി)

قَالَ الإِمَامُ ابنُ القَيِّم – رحمه الله – رَسُولُ الله ﷺ سَيِّدُ الأَنَام ، وَيَومُ الجُمُعَةِ سَيِّدُ الأَيَّام. فَللصَّلَاةِ عَلَيهِ فِي هَذَا اليَومِ مَزِيَّةٌ لَيسَت لِغَيرِه.

ഇമാം ഇബ്നുൽ ക്വയ്യിം (റഹി) പറഞ്ഞു : മനുഷ്യരുടെ നേതാവ് നബി ﷺ യും, ദിവസങ്ങളുടെ നേതാവ് വെള്ളിയാഴ്ച്ചയുമാകുന്നു. അതിനാൽ ആ ദിനത്തിൽ നബി ﷺ യുടെ മേൽ ചൊല്ലുന്ന സ്വലാത്തിന്, മറ്റുദിനങ്ങൾക്കില്ലാത്ത മേന്മയുണ്ട്. (സാദുൽ മആദ്)

### 8. പ്രാർത്ഥന ആരംഭിക്കുമ്പോൾ

إِذَا صَلَّى أَحَدُكُمْ فَلْيَبْدَأْ بِتَحْمِيدِ اللَّهِ وَالثَّنَاءِ عَلَيْهِ ثُمَّ لِيُصَلِّ عَلَى النَّبِيِّ صلى الله عليه وسلم ثُمَّ لِيَدْعُ بَعْدُ بِمَا شَاءَ "

നിങ്ങളിലാരെങ്കിലും പ്രാർത്ഥിക്കുകയാണെങ്കിൽ തന്റെ റബ്ബിനെ ആദ്യമായി സ്തുതിക്കുകയും നബി ﷺ യുടെ പേരിൽ സ്വലാത്ത് ചൊല്ലുകയും ചെയ്തുകൊള്ളട്ടെ. അതിനുശേഷം അവൻ ഉദ്ദേശിക്കുന്നതെന്തും അവൻ പ്രാർത്ഥിക്കട്ടെ

### 9. ബാങ്കിന് ശേഷം

عن عَبْدِ اللَّهِ بْنِ عَمْرِو بْنِ الْعَاصِ رضي الله عنه أَنَّهُ سَمِعَ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ : إِذَا سَمِعْتُمْ الْمُؤَذِّنَ فَقُولُوا مِثْلَ مَا يَقُولُ ، ثُمَّ صَلُّوا عَلَيَّ ، فَإِنَّهُ مَنْ صَلَّى عَلَيَّ صَلَاةً صَلَّى اللَّهُ عَلَيْهِ بِهَا عَشْرًا ، ثُمَّ سَلُوا

اللَّهَ لِي الْوَسِيلَةَ ، فَإِنَّهَا مَنْزِلَةٌ فِي الْجَنَّةِ لَا تَنْبَغِي إِلَّا لِعَبْدٍ مِنْ عِبَادِ اللَّهِ ، وَأَرْجُو أَنْ أَكُونَ أَنَا هُوَ ، فَمَنْ سَأَلَ لِي الْوَسِيلَةَ حَلَّتْ لَهُ الشَّفَاعَةُ (مسلم)

അബ്ദുല്ലാഹിബ്നു അംറ് ബിൻ അൽആസ്വിൽ(റ) നിന്ന് നിവേദനം. നബി ﷺ പറയുന്നതായി അദ്ദേഹം കേട്ടു: മുഅദ്ദിൻ പറയുന്നത് നിങ്ങൾ കേട്ടാൽ അത് നിങ്ങൾ ഏറ്റു പറയുക. ശേഷം എന്റെ പേരിൽ സ്വലാത്ത് ചൊല്ലുക. ആരെങ്കിലും എന്റെ പേരിൽ ഒരു സ്വലാത്ത് ചൊല്ലിയാൽ അതുമുഖേന അല്ലാഹു അവന്റെ മേൽ പത്ത് അനുഗ്രഹങ്ങൾ വർഷിക്കും. തുടർന്ന് എനിക്ക് വസ്വീലത്ത് കിട്ടാൻ നിങ്ങൾ അല്ലാഹുവിനോട് പ്രാർഥിക്കണം. അത് സ്വർഗത്തിലെ ഒരു സ്ഥാനമാണ്. അല്ലാഹുവിന്റെ ദാസന്മാരിൽ ഒരാൾക്ക് മാത്രമേ അതിന് അവകാശമുള്ളൂ. ആ ഒരാൾ ഞാനാവണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ആർ എനിക്ക് വസ്വീലത്ത് ചോദിക്കുന്നുവോ അവന് ശഫാഅത്ത് ലഭിക്കും (മുസ്‌ലിം).

**10. ജനങ്ങൾ ഒരുമിക്കുന്ന സദസ്സുകൾ**

عَنْ أَبِي هُرَيْرَةَ، رضى الله عنه عَنِ النَّبِيِّ صلى الله عليه وسلم قَالَ : مَا جَلَسَ قَوْمٌ مَجْلِسًا لَمْ يَذْكُرُوا اللَّهَ فِيهِ وَلَمْ يُصَلُّوا عَلَى نَبِيِّهِمْ إِلاَّ كَانَ عَلَيْهِمْ تِرَةً فَإِنْ شَاءَ عَذَّبَهُمْ وَإِنْ شَاءَ غَفَرَ لَهُمْ (ترمدي)

## ❖ സ്വലാത്തു ചൊല്ലിയാലുള്ള മഹത്വം

**1. പത്തു നന്മകൾ രേഖപ്പെടുത്തും.**

عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ مَنْ صَلَّى عَلَيَّ وَاحِدَةً صَلَّى اللَّهُ عَلَيْهِ عَشْرًا [مسلم]

നബി ﷺ പറഞ്ഞു: വല്ലവനും എന്റെ പേരിൽ ഒരു സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അവനുവേണ്ടി പത്ത് സ്വലാത്ത് ചൊല്ലുന്നതാണ്. ( മുസ്ലിം)

**2. പാപങ്ങൾ മായ്ക്കപ്പെടും**

عَنْ أَنَسٍ قالَ: قالَ رَسُولُ اللَّهِ ﷺ: مَن صَلّى عَلَيَّ صَلاةً واحِدَةً صَلّى اللَّهُ عَلَيْهِ عَشْرَ صَلَواتٍ وحُطَّتْ عَنْهُ عَشْرُ خَطِيئاتٍ ورُفِعَتْ لَهُ عَشْرُ دَرَجاتٍ». (النَّسائِيّ)

**3. പരലോകത്ത് ശഫാഅത്ത് ലഭിക്കും**

عَنْ أَبِي الدَّرْداءِ، قالَ: قالَ رَسُولُ اللَّهِ ﷺ :مَن صَلّى عَلَيَّ حِينَ يُصْبِحُ عَشْرًا وحِينَ يُمْسِي عَشْرًا أدْرَكَتْهُ شَفاعَتِي يَوْمَ القِيامَةِ.[حديث حسن: صحيح الجامع للألباني حديث ٦٣٥٧]

**4. അന്ത്യനാളിൽ നബിﷺയുടെ അടുപ്പം ലഭിക്കും**

عَنْ عَبْدِ اللَّهِ بْنِ مَسْعُودٍ، أنَّ رَسُولَ اللَّهِ ﷺ قالَ :إنَّ أوْلى النّاسِ بِي (يَوْمَ القِيامَةِ) أكْثَرُهُمْ عَلَيَّ صَلاةً

ഇബ്നുമസ്ഊദിൽ (റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: അന്ത്യനാളിൽ എന്നോട് ഏറ്റവും അടുത്തവർ എന്റെ മേൽ കൂടുതൽ സ്വലാത്ത് ചൊല്ലിയവരായിരിക്കും. (തിർമിദി)

❖ **ശ്രദ്ധിക്കുക...**

- നാം സ്വലാത്ത് ചൊല്ലുകയാണെങ്കിൽ അതിന്റെ ഫലം നമുക്കുതന്നെയായിരിക്കും.
- ഇബ്രാഹീമിയ സ്വലാത്ത് പലരീതിയിൽ ഹദീസുകളിൽ സ്വഹീഹായി വന്നിട്ടുണ്ട്. അവയെല്ലാം നമുക്ക് സ്വീകരിക്കാവുന്നതാണ്.
- പിൽക്കാലത്ത് എഴുതി ഉണ്ടാക്കിയിട്ടുള്ളതും ആശയത്തിൽ വ്യത്യാസം വന്നിട്ടുള്ളതുമായ നാരിയ സ്വലാത്ത് പോലെയുള്ളവ ഒഴിവാക്കേണ്ടതാണ്.
- സ്വലാത്ത് ഏത് സമയത്തും എപ്പോൾ വേണമെങ്കിലും ചൊല്ലാവുന്നതാണ്. നബി(സ്വ) പ്രത്യേകം സമയവും സന്ദർഭവും എണ്ണവും നിശ്ചയിച്ചിട്ടുള്ളത് അപ്രകാരം തന്നെ നിർവ്വഹിക്കേണ്ടതാണ്.
- സ്വലാത്ത് ചൊല്ലുന്നതിന് വേണ്ടി പ്രത്യേകം സദസ്സുകളോ സ്വലാത്ത് നഗറുകളോ സംഘടിപ്പിക്കാൻ പാടില്ല.

---

- നോട്ടിനെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കുക.
- ഖുത്ബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്ത് വാട്സാപ്പ് മെസേജ് അയക്കുക.
- മുമ്പ് തയ്യാറാക്കിയ ഖുത്ബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.